10039

THE DIRECTORATE OF URBAN AFFAIRS
27 APR 2016

ഇ- 2512/2015 (1)

നഗരകാര്യ വകുപ്പ്
റീജിയനൽ ജോയിന്റ് ഡയറക്ടറാഫീസ്,
ടാക്സിസ്റ്റാന്റ് ബിൽഡിംഗ്, പാളയം
കോഴിക്കോട്, 18/4/2016
ഫോൺ -0495-2720340.
duarkkd@gmail.com

റീജിയനൽ ജോയിന്റ് ഡയറക്ടർ,
കോഴിക്കോട്.

നഗരകാര്യ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം :- നഗരകാര്യ വകുപ്പ് - ഉത്തരമേഖലാ കാര്യാലയം - കൽപ്പറ്റ നഗരസഭയിൽ ചട്ട വിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസി ശ്രീ. കെ. ജി. സോമശേഖരന്റെ എഞ്ചിനീയർ -എ രജിസ്ട്രേഷൻ സസ്പെന്റ് ചെയ്യുന്നത് - സംബന്ധിച്ച്.

സൂചന:- 1) നഗരകാര്യ ഡയറക്ടറുടെ 27/6/2015 ലെ വി2/3600/15 നമ്പർ കത്ത്.
2) നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ 18/4/2016 ലെ ഇ -2512/15 നമ്പർ ഉത്തരവ് നടപടികൾ

----------

മേൽ ഒന്നാം സൂചനയിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു.

കൽപ്പറ്റ നഗരസഭയിൽ ചട്ട വിരുദ്ധമായി പ്ലാൻ സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീ. കെ.ജി. സോമശേഖരന്റെ രജിസ്ട്രേഷൻ (Reg. No.E-2050/08/2170/KKD/143/2010/EA) മേൽ 2-ാം സൂചന പ്രകാരം സസ്പെന്റ് ചെയ്ത വിവരം 1999 ലെ കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി ഇതോടൊപ്പം അയച്ചു കൊള്ളുന്നു.

വിശ്വസ്തതയോടെ

റീജിയനൽ ജോയിന്റ് ഡയറക്ടർ

ഉള്ളടക്കം : സൂചന (2) ഉത്തരവ്

K.R. 18/04

Registered A/D

നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടറുടെ ഉത്തരവ് നടപടികൾ

നഗരകാര്യ വകുപ്പ്, ഉത്തരമേഖലാ കാര്യാലയം, കോഴിക്കോട് - കൽപ്പറ്റ നഗരസഭയിൽ ചട്ട വിരുദ്ധമായി പ്ലാൻ തയ്യാറാക്കി സമർപ്പിച്ച ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീ. കെ. ജി. സോമശേഖരന്റെ രജിസ്ട്രേഷൻ (Reg. No.E-2050/08/2170/KKD/143/2010/EA) സസ്പെന്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================================

നമ്പർ ഇ - 2512/2015 തിയ്യതി, കോഴിക്കോട്, 18.04.2016

പരാമർശം:- 1. ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ 03/12/2014 ലെ CTP (Vig)/1052/14 നമ്പർ റിപ്പോർട്ട്

2. നഗരകാര്യ ഡയറക്ടറുടെ 27/6/2015 ലെ വി2/3600/15 നമ്പർ കത്ത്.

3. കൽപ്പറ്റ നഗരസഭാ സെക്രട്ടറിയുടെ 03/9/15 ലെ ബി.എ.214/2013-14 നമ്പർ കത്ത്

4. ശ്രീ. കെ.ജി. സോമശേഖരന് ഈ ഓഫീസിൽ നിന്നും നൽകിയ 04/11/2015 തിയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.

5. ശ്രീ. കെ. ജി. സോമശേഖരന്റെ 17/11/2015 തിയതിയിലെ മറുപടി

6. ശ്രീ. കെ. ജി. സോമശേഖരൻ 29/01/2016 ന് നഗരകാര്യ ഉത്തരമേഖലാ ജോയിന്റ് ഡയറക്ടർ മുമ്പാകെ നേരിൽ ഹാജരായി നൽകിയ മൊഴി.

-----

## ഉത്തരവ്

കൽപ്പറ്റ നഗരസഭയിൽ ശ്രീ. കെ.കെ.വാസുദേവൻ, ഡിസ്ട്രിക്ട് പ്രസിഡന്റ്, കേരള വ്യാപാരി വ്യവസായി ഏകോപന സമിതി, എന്നവർക്ക് 24/9/2008, 21/03/2014 തിയതികളിലായി അനുവദിച്ച് നൽകിയ യഥാക്രമം ബി.എ. /656/07-08, ബി.എ. /214/2013-14 നമ്പർ ബിൽഡിംഗ് പെർമിറ്റുകളും, സൈറ്റും ബന്ധപ്പെട്ട ഫയലും ചീഫ് ടൗൺ പ്ലാനർ (വിജി) പരിശോധിച്ച് പരാമർശം (1) പ്രകാരം ചട്ട ലംഘനങ്ങൾ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലാൻ ഒപ്പിട്ട് സമർപ്പിച്ച ലൈസൻസ്ഡ് എഞ്ചിനീയർ ശ്രീ. കെ.ജി. സോമശേഖരൻ (Reg. No.E-2050/08/2170/KKD/143/2010/EA) സോപാനം, മുണ്ടേരി, ശാന്തി നഗർ, കൽപ്പറ്റ എന്നവർക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കുവാൻ രണ്ടാം പരാമർശ പ്രകാരം നഗരകാര്യ ഡയറക്ടർ നിർദ്ദേശം നൽകിയിരുന്നു. തുടർന്ന് 1999 ലെ കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് (കെ.എം.ബി.ആർ) ചട്ടം 153(7), (8) ന് വിധേയമായി പരാമർശം (4) പ്രകാരം ടിയാന് കാരണം കാണിക്കൽ നോട്ടീസ്

നൽകുകയും ആയതിന് പരാമർശം (5) പ്രകാരം മറുപടി സമർപ്പിക്കുകയും ചെയ്തു. ടിയാന്റെ മേൽ 5-ാം പരാമർശിത മറുപടി പരിഗണിച്ച് 29/01/2016 തിയതിയിൽ ശ്രീ. കെ.ജി. സോമശേഖരൻ നഗരകാര്യ ജോയിന്റ് ഡയറക്ടർ, കോഴിക്കോട് മുമ്പാകെ നേരിൽ ഹാജരായി നൽകിയ മൊഴി, രേഖപ്പെടുത്തിയിട്ടുള്ളതുമാണ്.

24/9/2008 തിയതിയിൽ ബി.എ. 656/07-08 നമ്പറായി കെട്ടിട നിർമ്മാണ പെർമിറ്റ് നേടിയ കെട്ടിടത്തിന് 10/6/2013 ന് നഗരസഭയിൽ നിന്നും ഒക്യുപൻസി സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുള്ളതാണ്. തുടർന്ന് ടി കെട്ടിടത്തിൽ 319.82 ചതുരശ്ര മീറ്റർ വിസ്തീർണ്ണത്തിൽ രണ്ടാം നില നിർമ്മിക്കുന്നതിനായി 21/3/14 ന് ബി.എ. 214/13-14 നമ്പറായി നഗരസഭയിൽ നിന്ന് കെട്ടിട നിർമ്മാണ പെർമിറ്റ് നേടിയിട്ടുണ്ടെങ്കിലും ടി കെട്ടിടത്തിൽ 3-ാം നില എന്ന രീതിയിൽ 30.6 മീ X 10.3 മീ X 3.2 മീ എന്ന അളവിൽ അനധികൃതമായി ഷീറ്റ് മേഞ്ഞിട്ടുണ്ട് (Truss work) എന്നും ആയതിന് നഗരസഭയുടെ പെർമിറ്റ് നേടിയിട്ടില്ലാത്തതിനാൽ കെ.എം.ബി.ആർ ചട്ടം 4(2), 7(1) എന്നിവ ലംഘിച്ചിട്ടുണ്ടെന്നും, കെട്ടിടം സ്ഥിതി ചെയ്യുന്ന പ്ലോട്ടിന്റെ പിൻവശത്തുള്ള റോഡ് നഗരസഭയിൽ സമർപ്പിച്ച പ്ലാനുകളിൽ രേഖപ്പെടുത്തിയിട്ടില്ല, കൂടാതെ പ്രസ്തുത റോഡും, കെട്ടിടവും തമ്മിൽ ഉണ്ടായിരിക്കേണ്ട ഏറ്റവും ചുരുങ്ങിയ അകലമായ 3 മീറ്ററിനു പകരം 2.4 മീറ്റർ മാത്രമാണ് സൈറ്റിൽ ലഭ്യമായിട്ടുള്ളത് എന്നും ആയതുപ്രകാരം കെ.എം.ബി.ആർ ചട്ടം 25(1) ന്റെ ലംഘനമുള്ളതായും, അംഗീകരിക്കപ്പെട്ട പ്ലാനിൽ രേഖപ്പെടുത്തിയിരിക്കുന്ന രണ്ട് പാർക്കിംഗ് സ്ഥലവും പൊതു സ്ഥലമായി മാറ്റപ്പെട്ടതുവഴി കെ.എം.ബി.ആർ ചട്ടം 34(2) ന്റെ ലംഘനമുണ്ടെന്നുമാണ് ചീഫ് ടൗൺ പ്ലാനർ (വിജി) ഒന്നാം പരാമർശിത റിപ്പോർട്ടിൽ പ്രധാനമായും ചൂണ്ടിക്കാണിച്ചിരിക്കുന്ന ചട്ട ലംഘനങ്ങൾ.

നഗരസഭയിൽ നിന്ന് 21/3/14 ന് പെർമിറ്റ് ലഭിച്ച പ്രകാരം കെട്ടിട നിർമ്മാണം ലൈസൻസ്ഡ് എഞ്ചിനീയറായ തന്റെ മേൽ നോട്ടത്തിൽ നടത്തിയതാണെങ്കിലും കെട്ടിട ഉടമ ടിയാന്റെ അറിവോ, മേൽ നോട്ടമോ കൂടാതെ സെക്കന്റ് ഫ്ളോറിന്റെ ഒഴിവാക്കി കാണിച്ച ഭാഗവും, തേർഡ് ഫ്ളോറിന്റെ നിർമ്മാണവും അനധികൃതമായി നടത്തിയതെന്ന ടി കാര്യവും ബേസ്മെന്റ് ഫ്ളോറിൽ പാർക്കിംഗിനായി കാണിച്ചിരിക്കുന്ന ഭാഗം കെട്ടിയടച്ചതും മറ്റും നഗരസഭയിൽ നിന്ന് നോട്ടീസ് ലഭിച്ചപ്പോൾ മാത്രമാണ് തനിക്ക് അറിയുവാൻ കഴിഞ്ഞത് എന്നും, കൂടാതെ സൈറ്റിന്റെ പടിഞ്ഞാറ് ഭാഗത്ത് ഒരു സ്വകാര്യ റോഡ് പ്ലാനിൽ കാണിക്കാത്തത് മനഃപൂർവ്വമല്ലാതെ സംഭവിച്ച വീഴ്ചയായി കണക്കാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ 5-ാം പരാമർശ പ്രകാരം അറിയിക്കുകയുണ്ടായി.

ഈ വിഷയവുമായി ബന്ധപ്പെട്ട് ചീഫ് ടൗൺ പ്ലാനർ (വിജി) ന്റെ റിപ്പോർട്ട്, ശ്രീ.കെ.ജി. സോമശേഖരന്റെ മറുപടി ടിയാൻ ഈ ഓഫീസിൽ നേരിൽ ഹാജരായി നൽകിയ സ്റ്റേറ്റ്മെന്റ് , കൽപ്പറ്റ

നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് എന്നിവ വിശദമായി പരിശോധിച്ചതിൽ ഗുരുതരമായ ചട്ട ലംഘന ങ്ങളോടെയാണ് ടിയാന്റെ മേൽ നോട്ടത്തിൽ കെട്ടിട നിർമ്മാണം നടത്തിയത് എന്നു കാണുന്നതിനാൽ ടിയാന്റെ മറുപടി അംഗീകരിക്കാനാവില്ല എന്ന് എനിക്ക് ബോധ്യപ്പെട്ടിരിക്കുന്നു. കെ.എം.ബി.ആർ ചട്ടം 25(1) ന്റെ ലംഘനമെന്നോണം പ്ലോട്ടിന്റെ പിൻവശത്തുള്ള റോഡിൽ നിന്നും പാലിക്കേണ്ടുന്ന ചുരുങ്ങിയ അകലമായ 3 മീറ്ററിനു പകരം 2.4 മീറ്റർ മാത്രമാണ് സൈറ്റിൽ ലഭ്യമായിട്ടുള്ളൂ എന്നത് കെട്ടിട നിർമ്മാണത്തിനുള്ള പ്ലാൻ തയ്യാറാക്കുന്നതിൽ ടിയാന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചയാണ്. 1999 ലെ കെ.എം.ബി.ആർ. ചട്ടം 153(1), (2) എന്നിവ പ്രകാരം പ്ലാനുകളും, ഡ്രോയിംഗുക ളും, ആക്ടിലെയും, ചട്ടങ്ങളിലെയും, അല്ലെങ്കിൽ സർക്കാരോ, മുനിസിപ്പാലിറ്റിയൊ, പുറപ്പെടുവിച്ചിട്ടുള്ള ഏതെങ്കിലും നിർദ്ദേശങ്ങളിലെയും വ്യവസ്ഥകൾ കർശനമായി പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും, ആ അർത്ഥത്തിലുള്ള ഒരു സർട്ടിഫിക്കറ്റ് പ്ലാനുകളിലും, ഡ്രോയിംഗുകളിലും രേഖപ്പെടുത്തി ഒപ്പുവെക്കേണ്ട തുമാണ്. ചട്ടം 153(3) പ്രകാരം പ്ലാനുകളും, ഡ്രോയിംഗുകളും സൈറ്റ് പരിശോധന നടത്തി അതിരുകൾ ബോധ്യപ്പെട്ടതിനുശേഷം മാത്രം തയ്യാറാക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കെട്ടിട നിർമ്മാണത്തിനായി 'Appendix A ' യിൽ തയ്യാറാക്കി സമർപ്പിക്കുന്ന അപേക്ഷയിൽ ഖണ്ഡിക 16 പ്രകാരം കെട്ടിട നിർമ്മാണം അംഗികൃത പെർമിറ്റ് പ്രകാരവും, ചട്ടങ്ങൾ പ്രകാരവും നടത്തുന്നതാണെന്ന് ലൈസൻസ്ഡ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി നൽകിയതിൽ ഗുരുതരമായ ലംഘനം ഈ കേസ്സിൽ ഉണ്ടായിട്ടുള്ളതായി കാണുന്നു. കൂടാതെ ലൈസൻസ്ഡ് എഞ്ചിനീയർ സമർപ്പിച്ച പ്ലാനിൽ പ്ലോട്ടിന്റെ പുറകുവശത്തുള്ള റോഡ് കാണിക്കാതെയും, ചട്ട പ്രകാരം റോഡിൽ നിന്ന് പാലിക്കേണ്ട അകലം സൈറ്റിൽ ലഭ്യമാക്കാതെയും തീർത്തും നിയമവിരുദ്ധമായി പ്ലാൻ തയ്യാറാക്കിയിട്ടുള്ളതായാണ് കാണു വാൻ കഴിയുന്നത്. ടി കാരണങ്ങളാൽ നഗരസഭയിൽ നിന്നും അനുവദിച്ച കെട്ടിട നിർമ്മാണ പെർമിറ്റ് പ്രാബല്യത്തിലുള്ളപ്പോൾ ടിയാന്റെ അറിവോടെയാണ് അനധികൃത നിർമ്മാണം നടത്തിയിട്ടുള്ളതെന്നും വ്യക്തമാണ്. ചട്ടം 153(4) പ്രകാരം പ്ലാനിലും, ഡ്രോയിംഗിലും, വിവരണങ്ങളിലും, സർട്ടിഫിക്കറ്റ് നൽകുകയും, ഒപ്പുവെക്കുകയും ചെയ്യുന്നയാൾ ആ സർട്ടിഫിക്കറ്റിലും, പ്ലാനിലും, ഡ്രോയിംഗിലും വിവരണങ്ങളിലും രേഖപ്പെടുത്തുന്ന വസ്തുതകളുടെ പിഴവില്ലായ്മയ്ക്കും, സത്യാവസ്ഥയ്ക്കും ഉത്തര വാദിയായിരിക്കുന്നതാണ് എന്നതിനാലും, മേൽ വിവരിച്ച കാരണങ്ങളാൽ കണ്ടെത്തിയിട്ടുള്ള ഗുരുതര മായ ചട്ട ലംഘനത്തിന് ലൈസൻസ്ഡ് ബിൽഡിംഗ് എഞ്ചിനീയർ ശ്രീ. കെ.ജി. സോമശേഖരന്റെ എഞ്ചി നീയർ രജിസ്ട്രേഷൻ (Reg. No.E-2050/08/2170/KKD/143/2010/EA)2016 മെയ് 1 മുതൽ മൂന്നുമാസ കാലയളവിലേയ്ക്ക് ചട്ടം 153(8) പ്രകാരം സസ്പെന്റ് ചെയ്ത് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. സസ്പെൻഷൻ കാലയളവിൽ ശ്രീ. കെ.ജി. സോമശേഖരൻ 1999 ലെ കെ.എം.ബി.ആർ വ്യവസ്ഥ ചെയ്യുന്ന എഞ്ചിനീയർ – എ യുടെ ചുമതലകൾ നിർവ്വഹിക്കുവാൻ പാടില്ലാത്തതും സസ്പെൻഷൻ വിവരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തുന്നതിനായി രജിസ്ട്രേഷൻ, റിന്യൂവൽ

സർട്ടിഫിക്കറ്റിന്റെ അസ്സൽ സഹിതം നഗരകാര്യ വകുപ്പിന്റെ കോഴിക്കോട് മേഖലാ കാര്യാലയത്തിൽ ഈ ഉത്തരവ് കൈപ്പറ്റി ഒരാഴ്ച്ചക്കകം നേരിൽ ഹാജരാകണമെന്നും ഇതിനാൽ നിർദ്ദേശിക്കുന്നു.

ജോണി സെബാസ്റ്റ്യൻ
നഗരകാര്യ റീജിയനൽ ജോയിന്റ് ഡയറക്ടർ
കോഴിക്കോട്

ശ്രീ. കെ.ജി. സോമശേഖരൻ, സോപാനം, മുണ്ടേരി, ശാന്തി നഗർ, കൽപ്പറ്റ, വയനാട് - 673121

പകർപ്പ് :

1) നഗരകാര്യ ഡയറക്ടർ, നഗരകാര്യ വകുപ്പ് - (കെ.എം.ബി.ആർ ചട്ടം 153(8) പ്രകാരം സർക്കാർ / ഡിപ്പാർട്ട്മെന്റ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് ആമുഖ പത്രം സഹിതം)

2) പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട് ജില്ല

4) റീജിയനൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കൊല്ലം, കൊച്ചി

5) ഉത്തരമേഖലയിലെ എല്ലാ നഗരസഭാ സെക്രട്ടറിമാർക്കും

K.R 18/04